(ബി) പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം നല്കാതിരുന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിരുന്നോ ; എങ്കിൽ അതുപ്രകാരം ആർക്കെതിരെ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ കേസിൽ കമ്മീഷന്റെ ഇടപെടൽമൂലം പരാതിക്കാരൻ നിയമാനുസൃതം ആവശ്യപ്പെട്ട രേഖകളെല്ലാം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. 3-2-2011-ൽ 9819/എസ്.ഐ.സി.ജി.ഇ.എൻ.1/2009 എന്ന ഫയലിൽ വിവരാവകാശ നിയമപ്രകാരം വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ 2005-ലെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരം നടപടിയെടുക്കാൻ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി & സി) ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുമെന്ന് ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമർപ്പിച്ച വിശദീകരണം തൃപ്തികരമായതിനാൽ തുടർനടപടികൾ ഇക്കാര്യത്തിന്മേൽ സ്വീകരിച്ചിട്ടില്ല. ആവശ്യമായ രേഖകൾ പരാതിക്കാരന് നൽകിയതായി കമ്മീഷന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

സേവനാവകാശനിയമം നടപ്പിലാക്കിയതിലൂടെ പിഴയായി ലഭിച്ച തുക

28 (7585) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയതിലൂടെ ഇതുവരെ എത്ര രൂപ പിഴയായി ഖജനാവിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കേൾക്കുവാനുള്ള അവകാശനിയമം നടപ്പിലാക്കുന്നതിനുമുമ്പ് സേവനാവകാശ നിയമം നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇല്ല.

വൈക്കം സത്യാഗ്രഹ സ്മാരകത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക

29 (7586) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം സത്യാഗ്രഹ സ്മാരകത്തിനായി കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ എത്ര തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി തുകകൊണ്ട് ഏതുതരം നിർമ്മാണ പ്രവർത്തനം നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും ടി പ്രവൃത്തി എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വൈക്കം സത്യാഗ്രഹ സ്മാരകത്തിനായി 20 ലക്ഷം രൂപയാണ് കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ആർക്കൈവ്സ് വകുപ്പിനെയാണ് മ്യൂസിയം നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. രണ്ടുഘട്ടങ്ങളിലായി പദ്ധതി നടപ്പിലാക്കുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. അതിനായി ആകെ 40 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. വൈക്കത്ത് ബോട്ടുജെട്ടിയോട് ചേർന്ന് വൈക്കം നഗരസഭ പുതുതായി പണികഴിപ്പിച്ച വൈക്കം സത്യാഗ്രഹ സ്മാരക കെട്ടിടത്തിൽ നഗരസഭയുടെ സഹകരണത്തോടെ മ്യൂസിയം ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സ്മാരക കോംപ്ലക്സിൽതന്നെ മഹാത്മഗാന്ധിയുടെ ഒരു പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നതിനും മ്യൂസിയത്തിനോടനുബന്ധിച്ച് Pedestal Landscaping, പൂന്തോട്ട നിർമ്മാണം, ലൈറ്റ് സജ്ജീകരണം, മ്യൂസിയം ഗാലറി, ഡിസ് പ്ലേ, ഫർണിച്ചർ എന്നിവയ്ക്കും വൈക്കം സത്യാഗ്രഹരേഖകളുടെ ഡാറ്റാ കളക്ഷൻ, മ്യൂസിയം ഒരുക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, കമ്പ്യൂട്ടർ/ കിയോസ്ക്, ഡോക്യുമെന്റേഷൻ, പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള മറ്റ് ചെലവുകൾ എന്നിവയ്ക്കാണ് ടി തുക ചെലവാക്കുന്നത്. സർക്കാർ നോഡൽ ഏജൻസിയായി പ്രഖ്യാപിച്ചിട്ടുള്ള കേരളം ഓഫ് ഹിസ്റ്ററി& ഹെറിറ്റേജ് ആണ് പദ്ധതിരേഖ തയ്യാറാക്കുന്നത്. 9 മാസത്തെ കാലാവധിയാണ് പ്രൊപ്പോസലിൽ നൽകിയിട്ടുള്ളത്.

കാസർഗോഡ് സിവിൽസ്റ്റേഷന് മുൻവശത്ത് രാഷ്ട്രപിതാവിന്റെ പ്രതിമ സ്ഥാപിക്കാൻ നടപടി

30 (7587) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് സിവിൽസ്റ്റേഷന് മുൻവശം രാഷ്ട്രപിതാവിന്റെ പ്രതിമ നിർമ്മിക്കാൻ തിരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഏത് സമിതിയാണെന്നും പ്രതിമാനിർമ്മാണം ആരംഭിച്ചുവോയെന്നും എപ്പോൾ നിർമ്മാണം പൂർത്തിയാകുമെന്നും വിശദമാക്കുമോ ;

(സി) പ്രതിമ നിർമ്മിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും ഇതിന്റെ ചെലവ് എത്രയാണെന്നും ഫണ്ട് ആരാണ് നൽകുന്നതെന്നും സംബന്ധിച്ച വിശദാംശം നൽകുമോ ?

483/2016

LIBRARY ARCHIVES Kerala Legislative Assembly